ക്ഷീര കർഷക പെൻഷൻ ലഭിച്ചവരുടെ എണ്ണം

73 (2551) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലര വർഷംകൊണ്ട് എത്ര ക്ഷീര കർഷകർക്ക് ക്ഷീര കർഷക പെൻഷൻ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) അപേക്ഷ നൽകിയിട്ടുള്ള എത്ര ക്ഷീര കർഷകർക്കാണ് ഇനി പെൻഷൻ അനുവദിക്കാനുള്ളത് ;

(സി) എല്ലാ അപേക്ഷകർക്കും പെൻഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2005-06 സാമ്പത്തിക വർഷത്തിൽ 7080 പേർക്കും 2006-07 മുതൽ 10-11-2010 വരെ 20235 പേർക്കും ഉൾപ്പെടെ 27315 പേർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്.

(ബി) 2010 നവംബർ മുതൽ 2010 ഡിസംബർവരെ ലഭിച്ച അപേക്ഷകളിൽ സാധുതയുള്ള 865 അപേക്ഷകർക്ക് പെൻഷൻ അനുവദിക്കുന്നതിന് 1-2-2011-ലെ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഡിസംബർ 2010-ന് ശേഷം അപേക്ഷ ലഭിച്ച 848 ക്ഷീരകർഷകർക്കാണ് പെൻഷൻ അനുവദിക്കാനുള്ളത്.

(സി) ഇല്ല. 2007 ഏപ്രിൽ 13-ന് ഓർഡിനൻസിൽ ഭേദഗതി വരുത്തി നിയമം പാസ്സാക്കിയപ്പോൾ 60 വയസ്സു തികഞ്ഞാലും ക്ഷേമനിധിയിൽ ചേർന്ന് 5 വർഷം കഴിഞ്ഞാൽ മാത്രമേ ഒരംഗം പെൻഷൻ ലഭിക്കാൻ അർഹനാകൂ. 2010 ഏപ്രിൽ 7-ൽ വീണ്ടും നിയമം ഭേദഗതി ചെയ്യുകയും 2007 ഏപ്രിൽ 13-നു മുമ്പ് (നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ്) ക്ഷേമനിധിയിൽ അംഗമാവുകയും പത്തു വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറു ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാവുകയും ചെയ്താൽ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ് എന്ന് കൂട്ടി ചേർത്തു. അപ്രകാരം നിയമം പാസ്സായപ്പോൾ അപാകതമൂലം ഒഴിവാക്കപ്പെട്ടവരെയും പെൻഷന് അർഹരാക്കിയിരിക്കുകയാണ്. അങ്ങനെ 2007 ഏപ്രിൽ 13-ന് മുമ്പ് ക്ഷേമനിധിയിൽ അംഗമാവുകയും തുടർന്ന് പത്ത് വർഷം പാലളവ് പൂർത്തിയാവുകയും 60 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്ന ഏതൊരു ക്ഷീരകർഷകനും അഞ്ചുവർഷം ക്ഷേമ ബോർഡിൽ സർവ്വീസ് വേണമെന്ന വ്യവസ്ഥ ഉദാരമാക്കി ഇപ്പോൾ പെൻഷൻ നൽകുകയാണ്. ഇപ്രകാരം 3780 പേർ അധികമായി അർഹത നേടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly